സംസ്ഥാന ഭാഗ്യക്കുറി നിരോധനം

11 (977) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ലോട്ടറിയിലൂടെ പ്രതിവർഷം എത്ര കോടി രൂപയാണ് സർക്കാർ ഖജനാവിലേക്ക് ലഭിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന സർക്കാരിന്റെ ഭാഗ്യക്കുറി നിരോധിക്കാൻ സുപ്രീം കോടതി നിർദ്ദേശിച്ചിരുന്നോ;

(സി) ഇല്ലെങ്കിൽ സംസ്ഥാന ഭാഗ്യക്കുറി നിരോധിക്കുവാനുണ്ടായ സാഹചര്യം വിശദമാക്കാമോ ;

(ഡി) സുപ്രീം കോടതി വിധിക്ക് വിധേയമായിത്തന്നെ സംസ്ഥാന ഭാഗ്യക്കുറി നിലനിർത്തുന്നതിന് സർക്കാർ നിയമോപദേശം തേടിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1967-68 മുതൽ 2003-04 വരെയുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഇല്ല.

(സി) 1998-ലെ ലോട്ടറി (നിയന്ത്രണ) നിയമത്തിലെ 4-ാം വകുപ്പിലെ നിബന്ധനകൾ ലംഘിച്ചുകൊണ്ടും സംസ്ഥാന ചട്ടങ്ങൾ ലംഘിച്ചുകൊണ്ടും കേരളത്തിൽ നടത്തിവന്ന അന്യസംസ്ഥാന ലോട്ടറികൾക്കെതിരെ കേരള സർക്കാർ സ്വീകരിച്ച നടപടികളെ ബഹു. ഹൈക്കോടതിയിൽ അന്യ സംസ്ഥാന ലോട്ടറി ഡീലർമാർ ചോദ്യം ചെയ്തതിന്റെ ഫലമായി ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ 19-12-2003-ലെ ഇടക്കാല ഉത്തരവിൽ സംസ്ഥാന ലോട്ടറി ചട്ടത്തിന്റെ 24-ാം ചട്ടത്തിലെ (3) ഉം (10) ഉം ഉപചട്ടങ്ങൾ സ്റ്റേ ചെയ്യുകയുണ്ടായി. 28-4-2004-ൽ സർക്കാരിന് അനുകൂലമായി ഡിവിഷൻ ബഞ്ചിന്റെ വിധി ഉണ്ടായി എങ്കിലും ഇതിനെതിരെ അന്യസംസ്ഥാനങ്ങൾ ഫയൽ ചെയ്ത അപ്പീൽ ഹൈക്കോടതിയുടെ 19-12-2003-ലെ ഇടക്കാല ഉത്തരവ് നിലനിൽക്കണമെന്ന് ബഹു. സുപ്രീം കോടതി ഉത്തരവാകുകയുണ്ടായി. ഹൈക്കോടതി ഡിവിഷൻ ബഞ്ച് 16-12-2004-ൽ പിന്നീട് പുറപ്പെടുവിച്ച വിധിപ്രകാരം അന്യസംസ്ഥാനങ്ങൾ നികുതി അടച്ചുകൊണ്ട് ഒറ്റ നമ്പർ ഒഴികെയുള്ള ലോട്ടറികൾ നടത്തുന്നപക്ഷം സംസ്ഥാന സർക്കാരിന് നടപടികൾ സ്വീകരിക്കുവാൻ കഴിയാത്ത സാഹചര്യം വന്നു. കൂടാതെ സുപ്രീം കോടതി, ബി. ആർ. എന്റർപ്രൈസസും, യു. പി. സംസ്ഥാന സർക്കാരും തമ്മിലുള്ള കേസിൽ ഒരു സംസ്ഥാനം ലോട്ടറി നടത്തുന്നുവെങ്കിൽ മറ്റു സംസ്ഥാന ലോട്ടറികൾ ആ സംസ്ഥാനത്ത് നിരോധിക്കുവാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അന്യ സംസ്ഥാന ലോട്ടറികൾ ഹൈക്കോടതിയിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നിന്നും അനുകൂലമായ വിധികൾ സമ്പാദിച്ച സാഹചര്യത്തിൽ അവർക്കെതിരെ സർക്കാരിന് നടപടി സ്വീകരിക്കുവാൻ കഴിയാത്ത സാഹചര്യം നിലവിൽ വന്നു. സമൂഹത്തിൽ താഴേക്കിടയിലുള്ള ജനങ്ങളെ അത്യന്തം ദോഷകരമായി ബാധിക്കുന്ന ഒരു സാമൂഹിക വിപത്തെന്ന നിലയിൽ ഇത്തരം ലോട്ടറികളെ തുടരാനനുവദിക്കുന്നത് സംസ്ഥാന താല്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ കേരള ലോട്ടറി നിർത്തലാക്കുവാൻ സംസ്ഥാന സർക്കാർ നിർബന്ധിതരായി.

(ഡി) സുപ്രീം കോടതി, ബി.ആർ എന്റർപ്രൈസസും, യു.പി. സംസ്ഥാന സർക്കാരും തമ്മിലുള്ള കേസിൽ ഒരു സംസ്ഥാനം ലോട്ടറി നടത്തുന്നുവെങ്കിൽ മറ്റു സംസ്ഥാന ലോട്ടറികൾ ആ സംസ്ഥാനത്തെ നിരോധിക്കുവാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ലോട്ടറി നിരോധനംമൂലം തൊഴിൽ നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കാൻ നടപടി

12 (978) ശ്രീ. കെ. പി. രാജേന്ദ്രൻ:
ശ്രീ. പി. നാരായണൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ലോട്ടറി നിർത്തലാക്കുന്നതിന് തീരുമാനിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ബി) ലോട്ടറി നിർത്തലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ലോട്ടറി ആരംഭിച്ചതു മുതൽ സർക്കാരിന് ലഭിച്ചിട്ടുള്ള വരുമാനം കണക്കാക്കിയിട്ടുണ്ടോ;

(ഡി) 2001 മുതൽ ഓരോ വർഷത്തെയും ലാഭം എത്രയെന്ന് വ്യക്തമാക്കുമോ;

(ഇ) ലോട്ടറി വില്പനയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തി വരുന്നവർ എത്രപേർ വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(എഫ്) തൊഴിൽ രഹിതരാകുന്ന പ്രസ്തുത ആളുകളെ പുനരധിവസിപ്പിക്കാൻ എന്തെങ്കിലും പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടോ;

(ജി) അനധികൃതമായി പ്രവർത്തിക്കുന്ന ഓൺലൈൻ, പേപ്പർ ലോട്ടറി ടിക്കറ്റ് വില്പന കർശനമായി തടയുന്നതിന് സർക്കാർ പരാജയപ്പെടുന്നതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(എച്ച്) ഓൺലൈൻ, പേപ്പർ ലോട്ടറി വില്പനയിലൂടെ നികുതി വെട്ടിപ്പ് നടത്തിയിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപ ഇതിനകം നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly